# യോഹന്നാന്റെ ജീവപഠനം

## ദൂത് ഇരുപത്തിയൊമ്പത്

## തന്റെ നിവാസം ഉളവാക്കുന്നതിനുവേണ്ടിയുള്ള ത്രിയേകദൈവത്തിന്റെ പകർച്ച

## (1)

Mon ഈ ദൂതിൽ, യോഹന്നാന്റെ സുവിശേഷത്തിന്റെ ഹൃദയത്തിലേക്ക്, കേന്ദ്രത്തിലേക്കുതന്നെ, നാം വരുന്നു. തന്റെ മരണത്തിനു മുമ്പ് കർത്താവ് ശിഷ്യന്മാർക്ക് നൽകിയ ദൂതിന്റെ ആദ്യഭാഗമാണ് പതിനാലാം അദ്ധ്യായം. ഈ ദൂത് മനസ്സിലാകുന്നതിന്, ഈ സുവിശേഷം രണ്ട് പ്രധാന കാര്യങ്ങൾ വെളിപ്പെടുത്തുന്നു എന്നു നാം ഓർത്തിരിക്കണം: ഒന്നാമത്തേത്, നമ്മുടെ ജീവനായിരിക്കുവാൻ കർത്താവ് വരുന്നു എന്നതാണ്; രണ്ടാമത്തേത്, കർത്താവ് നമ്മെ ഒരുമയിൽ തന്നോടും ദൈവത്തോടും ചേർത്ത് കെട്ടുപണി ചെയ്യും എന്നതാണ്. നാം നേരത്തേ പരാമർശിച്ചതുപോലെ, ഈ സുവിശേഷത്തിലെ രണ്ടു പ്രധാന വാക്കുകൾ ജീവനും കെട്ടുപണിയും ആണ്. കെട്ടുപണി എന്ന വാക്ക് രണ്ടാം അദ്ധ്യായത്തിൽ വ്യക്തമായി പരാമർശിച്ചിരിക്കുന്നു. കാരണം, കർത്താവ് മൂന്നു ദിവസംകൊണ്ട് ദൈവത്തിന്റെ ഭവനമായ മന്ദിരം പണിയുമെന്ന് അവിടെ നമ്മോട് പറയുന്നു(വാ.19). പിന്നീട് പതിനേഴാം അദ്ധ്യായത്തിൽ കർത്താവിനെ ജീവനായി സ്വീകരിക്കുന്നവർ ത്രിയേകദൈവത്തിൽ ഒന്നാകണമേ, എന്ന് കർത്താവ് പ്രാർത്ഥിച്ചു(വാ.21-23). ത്രിയേകദൈവത്തിലുള്ള ഈ ഒരുമയാണ് ആത്മീയ കെട്ടുപണി. കർത്താവിനെ നാം ജീവനായി സ്വീകരിക്കുമ്പോൾ, ആത്മാവായ കർത്താവ് നമ്മെ ത്രിയേകദൈവത്തിൽ ഒന്നായി ചേർത്ത് കെട്ടുപണി ചെയ്യും. ഈ സുവിശേഷത്തിന്റെ കേന്ദ്രചിന്തയായ ജീവനും കെട്ടുപണിയും നിശ്ചയമായും ഓർത്തിരിക്കേണ്ട രണ്ടുകാര്യങ്ങളാണ്. നാം സൂചിപ്പിച്ചതുപോലെ, ഈ സുവിശേഷത്തെ രണ്ടു പ്രധാനഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നാം ഭാഗം കർത്താവിന്റെ

വരവിനെയും, രണ്ടാം ഭാഗം കർത്താവിന്റെ പോക്കിനെയും കാണിക്കുന്നു. കർത്താവിന്റെ വരവ് ജഡാവതാരത്തിലൂടെ ദൈവത്തെ നമ്മിലേക്ക് കൊണ്ടുവരുന്നു, കർത്താവിന്റെ പോക്ക് തന്റെ മരണപുനരുത്ഥാനങ്ങളിലൂടെ നമ്മെ ദൈവത്തിലേക്ക് കൊണ്ടുവരുന്നു. കർത്താവിന്റെ വരവിനാൽ നാം അവനെ ജീവനായി സ്വീകരിക്കുകയും, അവന്റെ പോക്കിനാൽ അവൻ നമ്മെ ദൈവത്തിലേക്ക് കെട്ടുപണി ചെയ്യുകയും ചെയ്യുന്നു. ഈ വസ്തുത നമുക്ക് വ്യക്തമായില്ലെങ്കിൽ ഈ സുവിശേഷത്തിന്റെ യഥാർത്ഥ അർത്ഥവും കേന്ദ്രചിന്തയും നമുക്ക് ഒരിക്കലും ഗ്രഹിക്കുവാൻ കഴിയുകയില്ല.

യോഹന്നാന്റെ സുവിശേഷം ഒന്നു മുതൽ പതിമൂന്നു വരെയുള്ള അദ്ധ്യായങ്ങൾ അടങ്ങിയ ഒന്നാം ഭാഗം, മനുഷ്യന് ജീവനും ജീവസഹായവും ആയിരിക്കുവാനായി മനുഷ്യനിലേക്ക് ദൈവത്തെ കൊണ്ടുവരുവാൻ ജഡാവതാരത്തിലൂടെ ക്രിസ്തു നിത്യവചനമായി എങ്ങനെ വന്നു എന്ന് കാണിക്കുന്നു. ഈ പുസ്തകത്തിൽ രണ്ടാമത്തെ പ്രധാനഭാഗം പതിനാലാം അദ്ധ്യായത്തോടുകൂടെ ആരംഭിക്കുന്നു. സഭയെ ഉളവാക്കുന്നതിന് നമ്മുടെ ജീവനായിരിക്കുവാൻ കർത്താവ് വരുന്നതിനെ സംബന്ധിച്ചിടത്തോളം, പതിമൂന്നാം അദ്ധ്യായത്തിന്റെ അവസാനത്തോടെ സകലവും പൂർത്തീകരിക്കപ്പെട്ടു എന്ന് നാം വ്യക്തമായി ഗ്രഹിക്കേണ്ടത് ആവശ്യമാണ്. നിങ്ങൾ ഈ സുവിശേഷം ശ്രദ്ധാപൂർവ്വം പഠിക്കുകയാണെങ്കിൽ, സഭയെ ഉളവാക്കുന്നതിനുവേണ്ടി ജീവനായിരിക്കുന്ന ക്രിസ്തുവിനെ സംബന്ധിച്ച വെളിപ്പാട് ഈ പതിമൂന്ന് അദ്ധ്യായങ്ങളിൽ അശേഷം പൂർത്തീകരിക്കപ്പെട്ടു എന്നു നിങ്ങൾ കാണും. പതിനാലു മുതൽ ഇരുപത്തിയൊന്ന് വരെയുള്ള അദ്ധ്യായങ്ങളിൽ വേറൊരു വെളിപ്പാട് അടങ്ങിയിരിക്കുന്നു എന്ന് കരുതരുത്. അല്ല, മുമ്പുള്ള പതിമൂന്ന് അദ്ധ്യായങ്ങളിൽ വെളിപ്പെട്ടിരിക്കുന്നതിന്റെ ഒരു ആവർത്തനമാണ്, ഒരു വികാസമാണ് ഈ ഭാഗം. ആദ്യത്തെ പതിമൂന്ന് അദ്ധ്യായങ്ങളിൽ കർത്താവ്, ദൈവത്തിന്റെ വചനവും ദൈവത്തിന്റെ പുത്രനും എന്ന നിലയിൽ തന്റെ ശിഷ്യന്മാർക്കെല്ലാം നിത്യജീവൻ ലഭിക്കുവാനും അവർ സഭയുടെ ഭാഗങ്ങൾ ആയിത്തീരുവാനുമായി, അവർക്ക് ജീവനായിരിക്കുവാൻ വന്നു എന്നും നാം കാണുന്നു. ഈ കാര്യം വ്യക്തമാണെങ്കിലും, കർത്താവ് തന്നെത്തന്നെ ജീവനായി നമ്മിലേക്ക് പകരുന്ന വഴി നമ്മോട് പറയുന്നില്ല. തന്റെ ശിഷ്യന്മാരോടൊപ്പം കർത്താവ് ചെലവഴിച്ച മൂന്നര വർഷക്കാലത്ത്, അവൻ അവരോട്, മനുഷ്യരാശിയിലേക്കുള്ള അവന്റെ വരവ് ആളുകൾ ദിവ്യജീവനാൽ വീണ്ടുംജനിക്കുവാനും ദൈവത്തിന്റെ ഭവനമാകുവാനും അവർക്ക് ജീവനായിരിക്കുന്നതിനുവേണ്ടിയാണെന്ന് പറഞ്ഞു. എന്നിരുന്നാലും, പതിമൂന്നാം അദ്ധ്യായത്തിന്റെ ഒടുവിലും, ഇത് ഒരു വെളിപ്പാട് മാത്രമായിരുന്നു. ഇത് നിർവഹിക്കുന്നത് എങ്ങനെയാണ്? കർത്താവിന് എങ്ങനെ തന്റെ

ശിഷ്യന്മാരിലേക്ക് വരുവാനും അവരുടെ ജീവനായിരിക്കുവാനും കഴിയും? അവരിൽ ജീവനായിരിക്കുന്നതിനെക്കുറിച്ച് അവൻ സംസാരിച്ചുവെങ്കിലും, അപ്പോഴും അവൻ അവരോടൊപ്പവും അവരുടെ ഇടയിലും മാത്രമേ ആയിരുന്നുള്ളൂ; അവന് അവരിലേക്ക് പ്രവേശിക്കുവാൻ കഴിഞ്ഞില്ല. നാം അവിടെ ഉണ്ടായിരുന്നുവെങ്കിൽ, അവനോട് നാം ഇങ്ങനെ ചോദിക്കുമായിരുന്നിരിക്കണം,"കർത്താവേ, നിനക്കെങ്ങനെ ഞങ്ങളുടെ ജീവനായിരിക്കുവാൻ കഴിയുമെന്ന് ദയവായി പറയൂ. ഞങ്ങൾക്കെങ്ങനെ ജീവൻ ലഭിക്കും? ദിവ്യജീവൻ ദൈവത്തിൽ ആയിരിക്കുന്നതുകൊണ്ട്, എങ്ങനെ ദൈവത്തിന്റെ ജീവന് ഞങ്ങളിലേക്ക് പ്രവേശിക്കുവാൻ കഴിയും? കർത്താവേ, നീ ജീവനാണെന്നും, നീ വന്നത് ഞങ്ങൾക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധിയായി ഉണ്ടാകുവാനും ആണെന്നും നീ പറയുന്നു. എന്നാൽ ഞങ്ങൾക്ക് എങ്ങനെ ഇത് ലഭിക്കും? കർത്താവേ, ഞങ്ങളെല്ലാം നിന്റെ വർദ്ധനവ് ആയിരിക്കുമെന്ന് നീ പറഞ്ഞു, എന്നാൽ ഞങ്ങൾക്ക് എങ്ങനെ നിന്റെ വർദ്ധനവാകുവാൻ കഴിയും? നീ, നീയാണെന്നും ഞങ്ങൾ, ഞങ്ങളാണെന്നും കാണുന്നു. നീ ഇപ്പോൾ സ്വർഗ്ഗത്തിൽ മാത്രമല്ല ഞങ്ങളുടെ ഇടയിലും ഉണ്ട്, എന്നാലിപ്പോഴും നീ, നീയും ഞങ്ങൾ, ഞങ്ങളുമാണ്. ഞങ്ങൾ നിന്റെ ഭാഗമാകുകയും, നീ ഞങ്ങളുമായി ഒന്നാവുകയും ചെയ്യുന്നത് എങ്ങനെയാണ്?"നിങ്ങൾ ചിന്തിക്കുന്ന ഒരു വ്യക്തിയാണെങ്കിൽ, നിസ്സംശയം ഇത്തരം ഒരു ചോദ്യം ഉന്നയിക്കും. ഈ ചോദ്യത്തിനുള്ള ഉത്തരം ഈ സുവിശേഷത്തിന്റെ രണ്ടാം ഭാഗത്ത് കാണുന്നു. കാരണം, രണ്ടാംഭാഗം ഒന്നാംഭാഗത്തു കാണുന്ന വെളിപ്പാടിന്റെ പൂർണ്ണമായ വികാസമാണ്. മറ്റൊരു വെളിപ്പാടായി ഇതിനെ കരുതരുത്.

ഈ രണ്ടാം ഭാഗത്തിന്റെ ഉള്ളടക്കം നമുക്കിപ്പോൾ പരിഗണിക്കാം. പതിനാല് മുതൽ ഇരുപത്തിയൊന്നു വരെയുള്ള അദ്ധ്യായങ്ങൾ ചേർന്ന ഈ ഭാഗം, മനുഷ്യനെ ദൈവത്തിലേക്ക് കൊണ്ടുവരുവാനായി മാർഗ്ഗമൊരുക്കുവാൻ യേശു ക്രൂശിക്കപ്പെടുകയും ക്രിസ്തു പുനരുത്ഥാനം ചെയ്യുകയും ചെയ്തു എന്നും, ദൈവത്തിന്റെ നിവാസം കെട്ടുപണി ചെയ്യുവാൻ വിശ്വാസികളുടെ ജീവനായി അവരിൽ വസിക്കുകയും ജീവിക്കുകയും ചെയ്യുവാൻ ആത്മാവായി വരുകയും ചെയ്തു എന്നു നമ്മെ കാണിക്കുന്നു. ക്രിസ്തു വരുന്നതും പോകുന്നതും നാം ഇവിടെ കാണുന്നു. തന്റെ ക്രൂശ്മരണത്തിലും പുനരുത്ഥാനത്തിലും മനുഷ്യനെ ദൈവത്തിലേക്ക് കൊണ്ടുവരുവാനുള്ള മാർഗ്ഗമൊരുക്കുവാൻ അവൻ പോയി. പിന്നെ, ദൈവത്തിന്റെ നിവാസം കെട്ടുപണി ചെയ്യുന്നതിനുവേണ്ടി വിശ്വാസികളിൽ അവരുടെ ജീവനായി വസിക്കുന്നതിനും ജീവിക്കുന്നതിനും അവൻ ആത്മാവായി വരുന്നു. ഈ വിഷയത്തിലേക്ക് സമഗ്രമായി കടക്കുന്നതിന് നാം വളരെ അധികം സമയം ചെലവഴിക്കണം.

പതിനാലു മുതൽ പതിനാറു വരെയുള്ള അദ്ധ്യായങ്ങൾ, ദൈവത്തിന്റെ നിവാസത്തിന്റെ കെട്ടുപണിക്കുവേണ്ടി ജീവൻ ഉള്ളിൽ വസിക്കുന്നതിനെ വെളിപ്പെടുത്തുന്നു. ഈ അദ്ധ്യായങ്ങൾ വായിക്കുവാനോ പഠിക്കുവാനോ എത്രമാത്രം സമയം നിങ്ങൾ ചിലവഴിച്ചിട്ടുണ്ടെങ്കിലും, ഇവിടെ വെളിപ്പെട്ടിരിക്കുന്നത് നിങ്ങൾ എന്നെങ്കിലും കണ്ടിട്ടുണ്ടാകുമോ എന്നു ഞാൻ സംശയിക്കുന്നു. ദൈവത്തിന്റെ നിവാസത്തിന്റെ കെട്ടുപണി എന്ന വസ്തുത ഈ അദ്ധ്യായങ്ങളിൽ നിങ്ങൾ എന്നെങ്കിലും കണ്ടിട്ടുണ്ടോ? ഉള്ളിൽ വസിക്കുന്ന ജീവനായ ക്രിസ്തുവിന്റെ ലക്ഷ്യം ദൈവത്തിന്റെ നിവാസത്തിന്റെ കെട്ടുപണിയാണ് എന്ന് വളരെ വിശദമായ വിധത്തിൽ ഈ മൂന്നു അദ്ധ്യായങ്ങൾ തുറന്നുകാട്ടുന്നു.

ഇപ്പോൾ നാം പതിനാലാം അദ്ധ്യായത്തിലേക്ക് വരുന്നു. ഈ അദ്ധ്യായത്തിൽ വളരെ പ്രധാനമായ ഒരു വസ്തുത ഉണ്ട്: തന്റെ നിവാസം ഉളവാക്കുന്നതിനുവേണ്ടിയുള്ള ത്രിയേകദൈവത്തിന്റെ പകർച്ച. ഇവിടെ നാം രണ്ടു കാര്യങ്ങൾ കാണുന്നു: ത്രിയേകദൈവത്തിന്റെ പകർച്ചയും അവന്റെ വാസസ്ഥലത്തിന്റെ നിർമ്മിതിയും. ആത്മാർത്ഥമായി പറയൂ, ഈ ദൂത് വായിക്കുന്നതിനു മുമ്പ്, ത്രിയേകദൈവത്തിന്റെ നിവാസം ഉളവാക്കുന്നതിനുവേണ്ടിയുള്ള അവന്റെ പകർച്ചയെക്കുറിച്ചാണ് യോഹന്നാൻ 14 സംസാരിക്കുന്നതെന്ന് നിങ്ങൾ എന്നെങ്കിലും മനസ്സിലാക്കിയിട്ടുണ്ടോ? ദൈവത്വത്തിലെ മൂവരും, പിതാവും പുത്രനും ആത്മാവും, ഈ അദ്ധ്യായത്തിൽ വ്യക്തമായി പരാമർശിക്കപ്പെട്ടിരിക്കുന്നു. ത്രിയേകദൈവത്തെക്കുറിച്ച് അനേക ക്രിസ്ത്യാനികളും സംസാരിക്കുമെങ്കിലും, ത്രിയേകദൈവത്തിന്റെ പൂർണ്ണമായ വെളിപ്പാട് ഇവിടെ ഈ അദ്ധ്യായത്തിൽ ഉണ്ടെന്ന് അധികംപേരും മനസ്സിലാക്കിയിട്ടില്ല. പതിനാലാം അദ്ധ്യായം ത്രിയേകദൈവത്തിന്റെ വെളിപ്പാട് മാത്രമല്ല, ത്രിയേകദൈവത്തിന്റെ നിവാസത്തിന്റെ കെട്ടുപണിക്കുവേണ്ടി വിശ്വാസികളിലേക്കുള്ള അവന്റെ പകർച്ചയുടെ വെളിപ്പാടും ആണ്. ഈ അദ്ധ്യായത്തിലെ ആദ്യത്തെ കുറച്ചു വാക്യങ്ങൾ മാത്രം നമുക്ക് ഈ ദൂതിൽ പരിഗണിക്കാം.

## I. വിശ്വാസികളെ പിതാവിലേക്ക് കൊണ്ടുവരുന്നതിന് യേശു മരണത്തിലൂടെ കടന്നുപോവുകയും ക്രിസ്തു പുനരുത്ഥാനത്തിൽ വരുകയും ചെയ്യുന്നു

വിശ്വാസികളായ നമ്മെ പിതാവിലേക്ക് കൊണ്ടുവരുന്നതിന് യേശു മരണത്തിലൂടെ കടന്നുപോവുകയും ക്രിസ്തു പുനരുത്ഥാനത്തിൽ വരുകയും ചെയ്യുന്നു എന്ന് 14:1-6-ൽ നാം കാണുന്നു. ഈ വസ്തുത

നിർണ്ണായകമാണ്. ക്രിസ്തു പോവുകയും യേശു വരുകയും അല്ല, പിന്നെയോ യേശു പോവുകയും ക്രിസ്തു വരുകയും ആണെന്ന് ദയവായി ശ്രദ്ധിക്കുക. യേശു സ്വർഗ്ഗത്തിലേക്ക് പോകുന്നതും രണ്ടാം വരവിന്റെ സമയത്ത് മടങ്ങിവരുന്നതുമല്ല ഇത് സൂചിപ്പിക്കുന്നത്. അല്ല, ഇത് സൂചിപ്പിക്കുന്നത് വിശ്വാസികളെ പിതാവിലേക്ക് കൊണ്ടുവരുവാൻ യേശു മരണത്തിലൂടെ പോകുന്നതും, ക്രിസ്തു പുനരുത്ഥാനത്തിൽ വരുന്നതുമാണ്. ഈ നിർണ്ണായക വസ്തുത ഈ അദ്ധ്യായത്തിന്റെ ആദ്യത്തെ ആറ് വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നു.

13:3-ലും 14:2-3-ലും കർത്താവ് പോകുന്നതിനെ സംബന്ധിച്ച് നമ്മോട് പറയുന്നു. ആ സമയത്ത് താൻ പോവുകയാണെന്ന് കർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞു. സ്വാഭാവിക ധാരണയനുസരിച്ച്, മറ്റൊരു സ്ഥലത്തേക്ക് പോകുന്നതിന് അവൻ ശിഷ്യന്മാരെ വിട്ടുപോകുന്നു എന്നാണ് കർത്താവ് പോകുന്നതിന്റെ അർത്ഥം. കർത്താവ് എന്താണ് അർത്ഥമാക്കിയത് എന്ന് ശിഷ്യന്മാർക്ക് മനസ്സിലായില്ല. വാസ്തവത്തിൽ, ഏതാണ്ട് രണ്ടായിരം വർഷത്തേക്ക് വിശുദ്ധന്മാർ ഈ അദ്ധ്യായം തെറ്റിദ്ധരിച്ചു. താൻ പോകുന്നു എന്നു പറഞ്ഞപ്പോൾ കർത്താവ് എന്താണ് അർത്ഥമാക്കിയത് എന്ന് ഇന്നും മനസ്സിലാക്കുക എളുപ്പമല്ല. ഇപ്പോൾ, പരിശുദ്ധാത്മാവിന്റെ സഹായത്താൽ, ശരിയായ അർത്ഥം നാം കണ്ടെത്തിയിരിക്കുന്നു. കർത്താവ് മരണപുനരുത്ഥാനങ്ങളിലൂടെ പോവുകയായിരുന്നു. താൻ പോകുന്നു എന്ന് അവൻ പറഞ്ഞപ്പോൾ, താൻ മരിക്കുവാനും ഉയിർക്കുവാനും പോകുന്നു എന്നായിരുന്നു അവൻ അർത്ഥമാക്കിയത്.

കർത്താവായ യേശു എവിടെ പോകുകയായിരുന്നു? ഇത് ശിഷ്യന്മാർക്ക് വ്യക്തമായിരുന്നില്ല. പന്ത്രണ്ടു മുതൽ പതിനാറ് വരെയുള്ള അദ്ധ്യായങ്ങൾ നിങ്ങൾ വായിച്ചാൽ, താൻ എവിടെ പോകുകയായിരുന്നുവെന്ന് വ്യക്തമായും കൃത്യമായും കർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞില്ല എന്ന് പ്രത്യക്ഷമായി നിങ്ങൾ കണ്ടെത്തും. ഈ വചനഭാഗത്ത്, കർത്താവായ യേശു, എവിടെ പോവുകയായിരുന്നു എന്ന് കണ്ടെത്തുവാൻ ഞാൻ വളരെയധികം സമയം ചെലവഴിച്ചു. നാല്പതിലേറെ വർഷം മുമ്പ്, ഒരു വലിയ ബ്രദറൻ ഉപദേഷ്ടാവിന്റെ കീഴിൽ ഇരിക്കുന്നത് എനിക്കിപ്പോഴും ഓർമ്മിക്കുവാൻ കഴിയുന്നു. ഒരു രാത്രി, കർത്താവായ യേശു എവിടെ പോവുകയായിരുന്നു എന്നതിനെ സംബന്ധിച്ച് പൂർണ്ണമായ ഒരു ദൂത് അദ്ദേഹം നൽകി. അദ്ദേഹം വളരെയധികം സംസാരിച്ചു, എന്നാൽ കർത്താവ് എവിടെ പോവുകയായിരുന്നു എന്ന് ഒരിക്കലും ഞങ്ങളോട് പറഞ്ഞില്ല. താൻ എവിടെ പോവുകയായിരുന്നു എന്ന് കർത്താവ് പറഞ്ഞില്ല എന്നു തോന്നും; വാസ്തവത്തിൽ, അവൻ അത് വളരെ വ്യക്തമാക്കിയിരിക്കുന്നു. പിന്നെ എന്തുകൊണ്ട് നമുക്കിത് വ്യക്തമായില്ല? നമ്മുടെ സ്വാഭാവിക

ധാരണപ്രകാരമല്ല, കർത്താവിന്റെ സ്വന്തം വചനത്തിലാണ് ഇത് വ്യക്തമായിരിക്കുന്നത് എന്നതാണ് കാരണം.

താൻ പിതാവിന്റെ അടുക്കൽ പോകുന്നു എന്ന് കർത്താവായ യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു (വാ.12,28). അവൻ എന്തിനെക്കുറിച്ചായിരുന്നു പറഞ്ഞതെന്ന് ആർക്കും മനസ്സിലായില്ല. മാനുഷിക ധാരണപ്രകാരം, അവൻ പിതാവിന്റെ അടുക്കൽ പോകുന്നു എന്നതിന് സ്വർഗ്ഗത്തിലേക്ക് മടങ്ങിപ്പോകുന്നു എന്നായിരുന്നു അർത്ഥം. എന്നാൽ താൻ സ്വർഗ്ഗത്തിലേക്ക് പോകുകയായിരുന്നു എന്ന് കർത്താവായ യേശു ഒരിക്കലും പറഞ്ഞില്ല. 4-ാം വാക്യത്തിൽ വളരെ മാർമ്മികമായ ഒന്ന് അവൻ പറഞ്ഞു; "ഞാൻ എവിടെ പോകുന്നു എന്നു നിങ്ങൾ അറിയുന്നു, വഴിയും നിങ്ങൾ അറിയുന്നു." കർത്താവ് ഇതു പറഞ്ഞയുടൻ തോമസ് പറഞ്ഞു,"കർത്താവേ, നീ എവിടെ പോകുന്നു എന്നു ഞങ്ങൾ അറിയുന്നില്ല; പിന്നെ വഴി എങ്ങനെ ഞങ്ങൾക്ക് അറിയുവാൻ കഴിയും?"(വാ.5). തന്റെ ശിഷ്യന്മാർക്ക് വഴി അറിയാം എന്ന് കർത്താവും അവർക്ക് അത് അറിഞ്ഞുകൂടാ എന്ന് തോമസും പറഞ്ഞതുകൊണ്ട് അവിടെ ഒരു വാഗ്വാദം ഉണ്ടായി എന്നു തോന്നും. പിന്നെ കർത്താവ് തോമസിനോട് "ഞാൻ ആകുന്നു വഴി"എന്ന് പറഞ്ഞു(വാ.6). ഞാൻ തോമസായിരുന്നുവെങ്കിൽ, ഞാൻ ഇങ്ങനെ പറയുമായിരുന്നു,"കർത്താവേ, നീ എന്തിനെക്കുറിച്ചാണ് പറയുന്നത്? നീ ആണ് വഴി എന്നാൽ എന്താണ് അതിന്റെ അർത്ഥം?" താൻ വഴിയാണ് എന്നു മാത്രമല്ല കർത്താവ് പറഞ്ഞത്. "ഞാനാണ് വഴിയും യാഥാർത്ഥ്യവും ജീവനും; എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല"എന്ന് അവൻ പറഞ്ഞു. ഞാൻ തോമസായിരുന്നു എങ്കിൽ ഞാൻ ഇങ്ങനെ പറയുമായിരുന്നു,"കർത്താവായ യേശുവേ, സംസാരിക്കുന്തോറും നീ ഞങ്ങളെ അനിശ്ചിതത്വത്തിലേക്ക് കൊണ്ടുപോകുന്നു. വഴിയെ സംബന്ധിച്ച് ഞങ്ങൾക്ക് വ്യക്തമല്ലാതിരിക്കെ നീ ഇപ്പോൾ യാഥാർത്ഥ്യത്തെക്കുറിച്ചും ജീവനെക്കുറിച്ചും സംസാരിക്കുന്നു. എന്താണ് യാഥാർത്ഥ്യം? എന്താണ് ജീവൻ? നീയാണ് വഴിയും യാഥാർത്ഥ്യവും ജീവനും എന്നും നിന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല എന്നും പറയുമ്പോൾ നീ എന്താണ് അർത്ഥമാക്കുന്നത്? നീ പോകുന്നത് പിതാവിന്റെ അടുത്തേക്കോ അതോ സ്വർഗ്ഗത്തിലേക്കോ?" "എന്നിലൂടെ അല്ലാതെ ആരും സ്വർഗ്ഗത്തിൽ എത്തുന്നില്ല,"എന്ന് കർത്താവ് പറഞ്ഞില്ല. അവൻ അങ്ങനെ പറഞ്ഞിരുന്നുവെങ്കിൽ എല്ലാവർക്കും വ്യക്തമാകുമായിരുന്നു. ശിഷ്യന്മാർ ഇങ്ങനെ പറയുമായിരുന്നു,"അവൻ എന്തിനെക്കുറിച്ചാണ് പറയുന്നതെന്ന് ഇപ്പോൾ ഞങ്ങൾക്ക് അറിയാം. അവൻ സ്വർഗ്ഗത്തിലേക്ക് പോകുന്നു." എന്നാൽ കർത്താവ് താൻ സ്വർഗ്ഗത്തിലേക്ക് പോകുന്നു എന്ന് പറഞ്ഞില്ല, പിതാവിന്റെ അടുക്കൽ

പോകുന്നു എന്നാണ് പറഞ്ഞത്. ഞാൻ അവിടെ ഉണ്ടായിരുന്നു എങ്കിൽ ഇങ്ങനെ പറയുമായിരുന്നു, "കർത്താവായ യേശുവേ, എവിടെയാണ് പിതാവ്?" 10-ാം വാക്യത്തിൽ കർത്താവ് പറഞ്ഞു,"ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയോ?" പിതാവ് അവനിൽ ആയിരുന്നു. താൻ പിതാവിന്റെ അടുക്കൽ പോകുന്നു എന്നു കർത്താവ് പറഞ്ഞു; എന്നിട്ടും അവൻ നേരത്തേ തന്നെ പിതാവിലും പിതാവ് അവനിലും ആയിരുന്നു. ഇത് എത്ര അമ്പരപ്പിക്കുന്നതാണ്! ആർക്കും ഇത് മനസ്സിലാക്കുവാൻ കഴിയുകയില്ല.

"പിതാവ് എവിടെയാണ്?"എന്ന ചോദ്യത്തിന് ഉത്തരമായി ക്രിസ്തീയ ദൈവശാസ്ത്ര പണ്ഡിതന്മാർക്ക് ഒരു നല്ല ഉത്തരമുണ്ട്. പിതാവ് സ്വർഗ്ഗത്തിലാണെന്നും താൻ പിതാവിന്റെ അടുക്കൽ പോകുന്നു എന്നും കർത്താവ് പറഞ്ഞപ്പോൾ അവൻ സ്വർഗ്ഗത്തിലേക്ക് പോകുന്നു എന്നായിരുന്നു അത് അർത്ഥമാക്കിയതെന്നും അവർ പറയുന്നു. വസ്തുത ഇതുപോലെ അത്ര ലളിതമായിരുന്നു എങ്കിൽ, അത് ആരെയും ഒരിക്കലും ബുദ്ധിമുട്ടിക്കുകയില്ലായിരുന്നു. എന്നാൽ ഇത് അത്ര ലളിതമല്ല. ശിഷ്യന്മാരിൽ ആർക്കും കർത്താവ് എവിടെയായിരുന്നു പോകുന്നതെന്ന് ആ സമയത്ത് അറിയാതിരുന്നതിന്റെ കാരണം അതായിരുന്നു. ഇതു വായിക്കുമ്പോഴെല്ലാം നമ്മിൽ പലർക്കും ഇതു മനസ്സിലാക്കുവാൻ കഴിയാതിരുന്നതിന്റെയും കാരണം ഇതാണ്.

പിന്നെ, എന്തായിരുന്നു കർത്താവ് പോകുന്നതിന്റെ ലക്ഷ്യം അഥവാ ഉദ്ദേശ്യം? നാം കണ്ടതുപോലെ, മിക്ക ക്രിസ്ത്യാനികളും കരുതുന്നത് അവൻ പോകുന്നതിന്റെ ലക്ഷ്യം സ്വർഗ്ഗമായിരുന്നു എന്നാണ്. എന്നാൽ, ഈ അദ്ധ്യായം ശ്രദ്ധാപൂർവ്വം വായിച്ചുകഴിഞ്ഞാൽ കർത്താവ് പോകുന്നതിന്റെ ലക്ഷ്യം സ്വർഗ്ഗമായിരുന്നില്ല എന്ന് നിങ്ങൾ കണ്ടെത്തും. തന്റെ വിശ്വാസികളെ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് കൊണ്ടുപോകുക എന്ന ഉദ്ദേശ്യം കർത്താവിന് ഉണ്ടായിരുന്നില്ല. അത് ഒരു സ്ഥലത്തിന്റെ കാര്യമല്ല; അത് ഒരു ജീവനുള്ള വ്യക്തിയുടെ, പിതാവിന്റെതന്നെ, കാര്യമാണ്. കർത്താവ് പിതാവിന്റെ അടുക്കലേക്ക് പോവുകയായിരുന്നു. അവന്റെ ഉദ്ദേശ്യവും തന്റെ ശിഷ്യന്മാരെ പിതാവ് എന്ന ദിവ്യവ്യക്തിയിലേക്ക് കൊണ്ടുവരുക എന്നത് ആയിരുന്നു. കർത്താവ് പിതാവിന്റെ അടുക്കൽ നിന്ന് വന്നു എന്ന് പതിമൂന്നാം അദ്ധ്യായം നമ്മോട് പറയുന്നു(വാ.3). ഇവിടെ, പതിനാലാം അദ്ധ്യായത്തിൽ, അവൻ പിതാവിന്റെ അടുക്കലേക്ക് പോകുന്നു എന്നു നാം കാണുന്നു. ദൈവത്തെ മനുഷ്യനിലേക്ക് കൊണ്ടുവരുവാൻ കർത്താവ് പിതാവിന്റെ അടുക്കൽനിന്ന് ജഡാവതാരത്താൽ വന്നു. ഇപ്പോൾ മനുഷ്യനെ ദൈവത്തിലേക്ക് കൊണ്ടുവരുവാൻ കർത്താവ് പിതാവിന്റെ അടുക്കലേക്ക് പോകുന്നു. കർത്താവ് സ്വർഗ്ഗത്തിലേക്ക് പോകുന്നു

എന്നതല്ല ഈ അദ്ധ്യായത്തിലെ ചിന്ത, എന്നാൽ വിശ്വസിക്കുന്നവ രായ, അവനെ ജീവനായി സ്വീകരിക്കുന്നവരായ, എല്ലാവരെയും ദൈവത്തിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി പിതാവിന്റെ അടുക്ക ലേക്ക് അവൻ പോവുകയായിരുന്നു. അവൻ പോകുന്നതായ മാർഗ്ഗം മരണപുനരുത്ഥാനങ്ങളും അവൻ പോകുന്നതിന്റെ ഉദ്ദേശ്യം മനുഷ്യനെ ദൈവത്തിലേക്ക് കൊണ്ടുവരുന്നതും ആയിരുന്നു. "ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ആയിരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർക്കും" എന്ന് 3-ാം വാക്യത്തിൽ കർത്താവ് പറ ഞ്ഞു. അവൻ എവിടെയാണ്? ഈ ചോദ്യത്തിനുള്ള ഉത്തരം 20-ാം വാക്യത്തിൽ അവൻ വ്യക്തമായി നമ്മോട് പറയുന്നു: "ഞാൻ എന്റെ പിതാവിലാണ്." അതുകൊണ്ട്, അവൻ പോകുന്നതിനാൽ നാമും പിതാ വിലാകും, കാരണം അവൻ നമ്മെ പിതാവിലേക്ക് കൊണ്ടുവരുന്നു. അതുകൊണ്ട്, അവൻ എവിടെയാണോ, അവിടെ നാമും ആകും. അവന്റെ വരവിന്റെ ഉദ്ദേശ്യം ദൈവത്തെ മനുഷ്യനിലേക്ക് കൊണ്ടുവ രുക എന്നതായിരുന്നതുപോലെതന്നെ, അവൻ പിതാവിന്റെ അടുക്ക ലേക്ക് പോകുന്നതിന്റെ ഉദ്ദേശ്യം നമ്മെ പിതാവിലേക്ക് കൊണ്ടുവ രുക എന്നതായിരുന്നു.

## A. പുത്രൻ ദൈവത്തെപ്പോലെതന്നെ സ്ഥലകാല പരിമിതികളില്ലാത്ത സർവ്വവ്യാപി ആണ്

"നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസി ക്കുവിൻ, എന്നിലും വിശ്വസിക്കുവിൻ," എന്ന് ഒന്നാം വാക്യത്തിൽ കർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞു. വളരെ പ്രധാനമായ രണ്ടു കാര്യം ഈ വാക്യം വെളിപ്പെടുത്തുന്നു. കർത്താവ് ദൈവത്തെപ്പോലെ തന്നെയാണ് എന്നതാണ് ഒന്നാമത്തേത്. ഒരുവൻ ദൈവത്തിൽ വിശ്വ സിക്കുന്നുവെങ്കിൽ, അവൻ കർത്താവിലും വിശ്വസിക്കണം. കാരണം കർത്താവ് ദൈവത്തെപ്പോലെതന്നെയാണ്. സത്യത്തിൽ, കർത്താവ് ദൈവംതന്നെയാണ്. ആ സമയത്തുപോലും, കർത്താവ് ദൈവംതന്നെ യായിരുന്നു എന്ന് ശിഷ്യന്മാർ വേണ്ടവിധം മനസ്സിലാക്കിയില്ല.

ദൈവം സർവ്വവ്യാപിയാണ്: അവൻ സ്ഥലകാല പരിമിതിയുള്ള വൻ അല്ല. ഒരു വശത്ത്, കർത്താവ് ജഡത്തിൽ ആയിരുന്നു, ജഡ ത്തിന് സമയത്തിന്റെയും സ്ഥലത്തിന്റെയും മൂലകങ്ങൾ ഉണ്ട്. മറുവ ശത്ത്, കർത്താവ് ജഡമല്ല, ദൈവംതന്നെയാണ്, ദൈവത്തിന് സമയ ത്തിന്റെയും സ്ഥലത്തിന്റെയും മൂലകങ്ങളില്ല. ഈ പുസ്തകത്തിൽ, രണ്ടും, അവൻ സമയത്തിലും സ്ഥലത്തിലും പരിമിതപ്പെട്ടിരിക്കുന്നു എന്നും അവൻ അത്ര പരിമിതപ്പെട്ടിരുന്നില്ല എന്നും നമ്മോടു പറയു ന്നു. അവൻ നിത്യനും അപരിമേയനും അതിരില്ലാത്തവനുമായ ദൈവ

മായിരുന്നുവെങ്കിലും, സമയത്തിന്റെ കാര്യത്തിൽ പരിമിതപ്പെട്ട ഒരു മനുഷ്യനായി അവൻ ഭൂമിയിൽ ജീവിച്ചു എന്നു സൂചിപ്പിച്ചുകൊണ്ട് 7:6-ൽ."എന്റെ സമയം ഇതുവരെയും വന്നിട്ടില്ല,"എന്ന് അവൻ പറഞ്ഞു."സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന, സ്വർഗ്ഗത്തിൽ ഇരിക്കുന്ന, മനുഷ്യപുത്രനല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറിയിട്ടില്ല"എന്ന് 3:13-ൽ അവൻ പറഞ്ഞു. കർത്താവ് ഭൂമിയിൽ ആയിരുന്നപ്പോൾ, അവൻ സ്വർഗ്ഗത്തിൽതന്നെ ആയിരുന്നു എന്ന് ഈ വാക്യം സൂചിപ്പിക്കുന്നു. ദൈവം തന്നെയായ അവൻ സർവ്വവ്യാപിയായിരുന്നു എന്നാണ് ഇതിന്റെ അർത്ഥം. അവന് സമയത്തിന്റെയും സ്ഥലത്തിന്റെയും പരിമിതി ഇല്ലായിരുന്നു.

എന്തുകൊണ്ട് താൻ ദൈവത്തെപ്പോലെതന്നെ ആയിരുന്നു എന്ന് കർത്താവ് തന്റെ ശിഷ്യന്മാരോട് സൂചിപ്പിച്ചു? കാരണം താൻ പോകുന്നു എന്ന് അവൻ ശിഷ്യന്മാരോട് പറയുകയും അവൻ പോകുന്നതിന്റെ അർത്ഥം അവൻ അവരെ വിട്ടുപിരിയുന്നതാണെന്ന മാനുഷിക ചിന്ത അവർക്കുണ്ടാവുകയും ചെയ്തിരുന്നു. ദൈവം സർവ്വവ്യാപിയാണെന്ന് ശിഷ്യന്മാർ അറിഞ്ഞിരുന്നതുകൊണ്ട് താൻ ദൈവത്തെപ്പോലെതന്നെയാണെന്ന് കർത്താവ് അവരോട് പറഞ്ഞു. ദൈവം സർവ്വവ്യാപിയായിരിക്കുന്നതുപോലെതന്നെ അവനും സർവ്വവ്യാപിയായിരുന്നു. ദൈവത്തിന് സമയത്തിന്റെയും സ്ഥലത്തിന്റെയും മൂലകം ഇല്ലാത്തതുപോലെ അവനും ഈ മൂലകങ്ങൾ ഇല്ലാത്തവനായിരുന്നു. പോകുകയോ തങ്ങുകയോ ചെയ്താലും ദൈവം എന്ന നിലയിൽ അവൻ സർവ്വവ്യാപിയാണ്. അവൻ പോകുന്നത് വാസ്തവത്തിൽ അവന്റെ വരവായിരുന്നതുകൊണ്ട് അവൻ പോകുന്നതിൽ അവരുടെ ഹൃദയം കലങ്ങേണ്ട ആവശ്യമില്ലായിരുന്നു. അവർ വിശ്വസിച്ച ദൈവത്തെപ്പോലെതന്നെ ആയിരുന്നു അവൻ. ദൈവത്തിൽ വിശ്വസിച്ചിരുന്നു എങ്കിൽ അവർ അവനിലും വിശ്വസിക്കേണ്ടിയിരുന്നു, കാരണം അവൻ എപ്പോഴും സന്നിഹിതനായിരുന്ന ദൈവത്തെപ്പോലെ ആയിരുന്നു. കർത്താവ് തന്റെ ശിഷ്യന്മാരോട് ഇങ്ങനെ പറയുന്നതായി കരുതാം,"ഞാൻ പോകുന്നതുകൊണ്ട് വിഷമിക്കരുത്. നിങ്ങളുടെ ഹൃദയം കലങ്ങുവാൻ അനുവദിക്കരുത്. ദൈവത്തിൽ വിശ്വസിക്കുന്നുവെങ്കിൽ നിങ്ങൾ എന്നിലും വിശ്വസിക്കണം. ദൈവം സർവ്വവ്യാപിയാണ്. അവന് സമയത്തിന്റെയോ സ്ഥലത്തിന്റെയോ പരിമിതിയില്ല. എനിക്കും അങ്ങനെതന്നെയാണ്. ഞാൻ പോകും, എന്നാൽ അപ്പോഴും ഞാൻ നിങ്ങളോടുകൂടെ ആയിരിക്കും. നിങ്ങളോടുകൂടെ ആയിരിക്കുമ്പോൾതന്നെ ഞാൻ പോകും. ഞാൻ സർവ്വവ്യാപിയാണ്. ദൈവത്തിൽ വിശ്വസിക്കുന്നുവെങ്കിൽ, നിങ്ങൾ എന്നിലും വിശ്വസിക്കണം, കാരണം ഞാൻ ദൈവത്തെപ്പോലെതന്നെ ആണ്."

ഒന്നാം വാക്യത്തിലെ രണ്ടാമത്തെ പ്രധാനകാര്യം, ദൈവത്തെ വിശ്വസിക്കുന്നത് ദൈവത്തിലേക്ക് വിശ്വസിക്കുന്നതിൽനിന്ന് വ്യത്യസ്തമാകുന്നു എന്നതാണ്. ദൈവത്തെ വിശ്വസിക്കുന്നു എന്നു നിങ്ങൾ പറഞ്ഞേക്കാം, എന്നാൽ നിങ്ങൾ ദൈവത്തിലേക്ക് വിശ്വസിക്കുന്നുണ്ടോ? ഗ്രീക്കിൽ"ദൈവത്തിൽ"എന്നതിന്"ദൈവത്തിലേക്ക്" എന്നാണ് അർത്ഥം. അതായത്, ദൈവത്തിലേക്ക് വിശ്വസിക്കുക. അതായത്, ഇത് വിഷയനിഷ്ഠമായ വിശ്വസിക്കലല്ല; ഇത് വ്യക്തിനിഷ്ഠമായ വിശ്വസിക്കലാണ്. ദൈവത്തിൽ ആയിരിക്കുവാൻ ശിഷ്യന്മാരെ സഹായിക്കുന്നതിന് അഥവാ പ്രബോധിപ്പിക്കുന്നതിന് കർത്താവ് ആഗ്രഹിക്കുന്നു എന്നതാണ് ഈ അദ്ധ്യായത്തിന്റെ അടിസ്ഥാനചിന്ത. ദൈവത്തിൽ വിശ്വസിക്കുക എന്നത് വിഷയനിഷ്ഠവും എന്നാൽ ദൈവത്തിലേക്ക് വിശ്വസിക്കുക എന്നാൽ വ്യക്തിനിഷ്ഠവും ആണെന്ന് നാം ഓർമ്മിക്കണം. ഇത്തരത്തിലുള്ള വ്യക്തിനിഷ്ഠമായ വിശ്വാസമാണ് നമ്മെ ദൈവത്തിലേക്ക് കൊണ്ടുവരുന്നത്."ദൈവത്തിലേക്ക് വിശ്വസിക്കുന്നുവെങ്കിൽ നിങ്ങൾ എന്നിലേക്കും വിശ്വസിക്കണം,"എന്ന് ഫലത്തിൽ കർത്താവ് പറയുകയായിരുന്നു."ലേക്ക്" എന്ന ഉപസർഗ്ഗം വളരെ പ്രധാനമാണ്. ദൈവത്തിൽ വിശ്വസിക്കുക എന്നാൽ ദൈവത്തെ വിശ്വസിക്കുകയാണെന്ന് ധരിക്കുന്നതുകൊണ്ട് അനേകർക്കും തെറ്റായ ധാരണ ഉണ്ട് എന്നത് ഖേദകരമാണ്. ഉപസർഗ്ഗം നാം വിട്ടുകളയരുത്. ഇത് വസ്തുത വിഷയനിഷ്ഠമായി വിശ്വസിക്കുന്ന ഒരു കാര്യമല്ല; ഇത് നമ്മെ ദൈവത്തിലേക്ക് കൊണ്ടുവരുന്ന വ്യക്തിനിഷ്ഠമായ വിശ്വാസത്തിന്റെ കാര്യമാണ്. നാം ദൈവത്തിലേക്ക് വിശ്വസിക്കണം എന്നതാണ് ഈ അദ്ധ്യായത്തിന്റെ കേന്ദ്രചിന്ത.

Thu

## B. "എന്റെ പിതാവിന്റെ ഭവനം"
## ക്രിസ്തുവിന്റെ ശരീരം, ദൈവാലയമായ സഭ

സ്വാഭാവിക ധാരണയനുസരിച്ച്, 2-ാം വാക്യത്തിൽ പരാമർശിച്ചിരിക്കുന്ന ദൈവത്തിന്റെ ഭവനം, പിതാവായ ദൈവം വസിക്കുന്ന മൂന്നാം സ്വർഗ്ഗത്തെ സൂചിപ്പിക്കുന്നു എന്ന് മിക്ക ക്രിസ്ത്യാനികളും കരുതുന്നു. എന്നാൽ നമ്മുടെ സ്വാഭാവിക ധാരണകളനുസരിച്ച് നാം വേദപുസ്തകം വ്യാഖ്യാനിക്കരുത്. പിന്നെയോ, നാം തിരുവെഴുത്ത് തിരുവെഴുത്തുകൊണ്ട് വ്യാഖ്യാനിക്കണം. വേദപുസ്തപ്രകാരവും വേദപുസ്തകംകൊണ്ടും നാം വേദപുസ്തകം മനസ്സിലാക്കണം."എന്റെ പിതാവിന്റെ ഭവനം"എന്ന ശൈലി യോഹന്നാന്റെ സുവിശേഷത്തിൽ രണ്ടു തവണ ഉപയോഗിച്ചിട്ടുണ്ട്. 2:16-ലാണ് ഇത് ആദ്യമായി ഉപയോഗിച്ചിട്ടുള്ളത്. അവിടെ ഇത് ഭൂമിയിലെ ദൈവത്തിന്റെ വാസസ്ഥലമായ മന്ദിരത്തെ വ്യക്തമായി സൂചിപ്പിക്കുന്നു. മന്ദിരം യേശുവിന്റെ ശരീരത്തിന് ഒരു മുൻകുറി, ഒരു പ്രതിരൂപം, ആണ്(2:21). അത്, നാം

കണ്ടതുപോലെ, പുനരുത്ഥാനത്തിൽ ക്രിസ്തുവിന്റെ ശരീരമായി വികാസം പ്രാപിച്ചു. ഈ കാര്യം നാം പൂർണ്ണമായി ശ്രദ്ധിക്കണം. 2:16-ൽ"എന്റെ പിതാവിന്റെ ഭവനം"എന്നത് ഭൂമിയിലെ മന്ദിരമാണ്. അത് സ്വർഗ്ഗത്തിലുള്ള ഒരു സ്ഥലത്തെ അല്ല, ഭൂമിയിലുള്ള ദൈവത്തിന്റെ മന്ദിരത്തെ സൂചിപ്പിക്കുന്നു. മന്ദിരം യേശുവിന്റെ ശരീരത്തിന് മുൻകുറിയായതുകൊണ്ട്, യേശുവിന്റെ ശരീരം, ഭൂമിയിലെ ദൈവത്തിന്റെ വാസസ്ഥലമായ കൂടാരം(1:14), മന്ദിരം ആണ്."എന്റെ പിതാവിന്റെ ഭവനം"എന്ന ശൈലിയുടെ ഈ വ്യാഖ്യാനം രണ്ടാം അദ്ധ്യായത്തിൽ വ്യക്തമായി കാണിച്ചിരിക്കുന്നു. ഈ നിർവ്വചനം നാം 14:2-ൽ പ്രയോഗിക്കണം; അവിടെ നമുക്ക് ഇതേ ശൈലിയുണ്ട്. 14:2-ൽ ഉള്ള ഈ ശൈലി, 2:16-ൽ കാണുന്ന ഇതേ ശൈലിയിൽനിന്ന് വ്യത്യസ്തമായ അർത്ഥത്തിൽ നാം എടുക്കരുത്, കാരണം അത് യുക്തിക്ക് ചേരാത്തത് ആയിരിക്കും. ഇതേ സുവിശേഷത്തിൽ രണ്ടാം പ്രാവശ്യം ഈ ശൈലി ഉപയോഗിച്ചപ്പോൾ, അതിന് ആദ്യതവണ ഉപയോഗിച്ചതിന്റെ അതേ നിർവ്വചനംതന്നെ ഉണ്ടായിരിക്കണം. അതുകൊണ്ട്, പതിനാലാം അദ്ധ്യായത്തിലെ പിതാവിന്റെ ഭവനത്തിന് ഭൂമിയിലെ ദൈവത്തിന്റെ വാസസ്ഥലം എന്ന അർത്ഥംതന്നെ ഉണ്ടായിരിക്കണം. അതിന് മൂന്നാം സ്വർഗ്ഗം എന്ന അർത്ഥം സാധ്യമല്ല. രണ്ടാം അദ്ധ്യായത്തിൽ പിതാവിന്റെ ഭവനം ഒടുവിൽ ക്രിസ്തുവിന്റെ ശരീരമാണ്. പതിനാലാം അദ്ധ്യായത്തിലും അത് ക്രിസ്തുവിന്റെ ശരീരമായിരിക്കണം. ആർക്കും ഇത് നിഷേധിക്കുവാൻ കഴിയുകയില്ല. ഇപ്പോൾ നമുക്ക്"എന്റെ പിതാവിന്റെ ഭവനം"എന്ന ശൈലിയുടെ ശരിയായ വ്യാഖ്യാനമുണ്ട്: അത് ക്രിസ്തുവിന്റെ ശരീരം, അതായത്, സഭ ആണ്. പിതാവിന്റെ ഭവനം ഇവിടെ സ്വർഗ്ഗമാണ് എന്നു പറയുന്ന തെറ്റായ പഠിപ്പിക്കലിൽനിന്ന് നാം നമ്മെത്തന്നെ ക്രമപ്പെടുത്തേണ്ടിയിരിക്കുന്നു.

ലേഖനങ്ങളിൽ ക്രിസ്തുവിന്റെ ശരീരം സഭയാണെന്നും, സഭ ദൈവത്തിന്റെ ഭവനമാണെന്നും ഉള്ള വെളിപ്പാട് പൂർണ്ണമായി വികാസം പ്രാപിച്ചിരിക്കുന്നു. 1 തിമൊഥെയൊസ് 3:15, സഭ ജീവനുള്ള ദൈവത്തിന്റെ ആലയമാണെന്ന് വെളിപ്പെടുത്തുന്നു. അതുകൊണ്ട്, പിതാവിന്റെ ഭവനം എന്നാൽ ജീവനുള്ള ദൈവത്തിന്റെ, സ്വർഗ്ഗത്തിലെയല്ല, ഭൂമിയിലെ ഭവനമാകുന്നു എന്നാണ് അർത്ഥം. വിശ്വാസികൾ ആകമാനം ദൈവത്തിന്റെ ആലയമാണെന്ന് 1 കൊരിന്ത്യർ 3:16 നമ്മോടു പറയുന്നു. ജീവനുള്ള കല്ലുകൾ ആയ നാം ഒരു ആത്മീയഗൃഹമായി കെട്ടുപണി ചെയ്യപ്പെടുന്നു എന്ന് 1. പത്രൊസ് 2:5 പറയുന്നു. ഈ ആത്മീയഗൃഹം തീർച്ചയായും പിതാവിന്റെ ഭവനം, ദൈവത്തിന്റെ ആലയം ആയിരിക്കണം. മാത്രമല്ല, നാം ദൈവത്തിന്റെ ഭവനമാണെന്ന് എബ്രായർ 3:6-ഉം, വിശ്വാസികൾ ദൈവത്തിന്റെ

നിവാസമായി, ആത്മാവിൽ കെട്ടുപണി ചെയ്യപ്പെടുന്നു എന്ന് എഫെസ്യർ 2:21-22-ഉം പറയുന്നു. അങ്ങനെ, യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്നതുപോലെതന്നെ, പിതാവിന്റെ ഭവനം ആത്യന്തികമായി ക്രിസ്തുവിന്റെ ശരീരമാണ് എന്ന വ്യാഖ്യാനത്തെ പുതിയനിയമം മുഴുവനും പിൻതാങ്ങുന്നു. യോഹന്നാന്റെ സുവിശേഷത്തിലും മുഴുവൻ പുതിയനിയമത്തിലും പിതാവിന്റെ ഭവനം സ്വർഗ്ഗമല്ല, ക്രിസ്തുവിന്റെ ശരീരമാണ്, അത് ഭൂമിയിലെ ദൈവത്തിന്റെ നിവാസമായ സഭയാണ്.

ഈ പ്രപഞ്ചത്തിൽ ദൈവത്തിന് രണ്ട് കെട്ടുപണികൾ-സ്വർഗ്ഗത്തിൽ ഒരു കൊട്ടാരവും ഭൂമിയിൽ ഒരു സഭയും- ഉണ്ടെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? ദൈവത്തിന് ഒരു കെട്ടുപണി മാത്രമേ ഉള്ളൂ. അവന് രണ്ടെണ്ണം ഉണ്ടെന്ന് പറയുന്നത് യുക്തിക്കു ചേർന്നതല്ല. നിങ്ങൾ സ്വർഗ്ഗത്തെ സ്നേഹിക്കുന്നുണ്ടാകാമെങ്കിലും, അതുകൊണ്ട് ദൈവം തൃപ്തനല്ല. യെശയ്യാവ് 66 വായിക്കുന്നുവെങ്കിൽ ദൈവം മനുഷ്യനിൽ ഒരു നിവാസം ലഭിക്കുവാൻ ആഗ്രഹിക്കുന്നു എന്ന് നിങ്ങൾ കണ്ടെത്തും. മനുഷ്യൻ തന്റെ നിവാസം ആയിരിക്കുന്നത്രെയും ദൈവം സ്വർഗ്ഗത്തെ സ്നേഹിക്കുന്നില്ല. ദൈവം മനുഷ്യനിൽ വസിക്കുവാൻ ആഗ്രഹിക്കുന്നു. അനേക ക്രിസ്ത്യാനികൾ സ്വർഗ്ഗത്തിലേക്ക് പോകുവാൻ താല്പര്യപ്പെടുമ്പോൾ, സ്വർഗ്ഗത്തിൽനിന്ന് താഴേക്ക് വരുവാനും ഭൂമിയിൽ മനുഷ്യനോടൊത്ത് വസിക്കുവാനും ദൈവം ആഗ്രഹിക്കുന്നു. നമുക്കായി ഒരു സ്ഥലം ഒരുക്കുവാൻ പോകുന്നു എന്ന് കർത്താവ് പറഞ്ഞപ്പോൾ, അവൻ ഒരു സ്വർഗ്ഗീയ കൊട്ടാരം ഒരുക്കുവാൻ പോകുകയായിരുന്നു എന്ന് അനേക ക്രിസ്ത്യൻ ഉപദേഷ്ടാക്കന്മാർ നമ്മോട് പറഞ്ഞു. എന്നാൽ തങ്ങൾ പറയുന്ന സ്വർഗ്ഗം എബ്രായർ 11:10-ൽ പരാമർശിച്ചിരിക്കുന്ന ദൈവം ഒരുക്കിയതായ അടിസ്ഥാനങ്ങളുള്ള നഗരം, വെളിപ്പാട് 21-ൽ പറഞ്ഞിരിക്കുന്ന പുതിയ യെരുശലേം നഗരം ആണെന്ന് അവരെല്ലാം സമ്മതിക്കുന്നു. എന്നാൽ പുതിയ യെരുശലേം സ്വർഗ്ഗത്തിൽ അവശേഷിക്കുകയില്ല; സ്വർഗ്ഗത്തിൽനിന്ന് താഴേക്ക് വരും(വെളി.21:2). നിങ്ങൾ സ്വർഗ്ഗത്തിലേക്ക് പോകുവാൻ താല്പര്യപ്പെടുന്നു, എന്നാൽ ദൈവം സ്വർഗ്ഗത്തിൽനിന്ന് താഴേക്കുവരുവാൻ താല്പര്യപ്പെടുന്നു.

ഈ മുഴുവൻ പ്രപഞ്ചത്തിലും ദൈവത്തിന് ഒരു കെട്ടുപണിയേ ഉള്ളൂ. പഴയനിയമ കാലത്ത് ദൈവത്തിന്റെ കെട്ടുപണി യിസ്രായേൽ മക്കളോടൊപ്പം ആയിരുന്നു; കൂടാരവും മന്ദിരവും അതിന് മുൻകുറികൾ ആയിരുന്നു. കൂടാരവും ആലയവും, ഭൂമിയിൽ അവന്റെ വാസസ്ഥലം ദൈവജനം ആണ് എന്നതിന്റെ പ്രതീകങ്ങൾ ആയിരുന്നു.

പുതിയനിയമ കാലത്ത് സഭ കെട്ടുപണി ചെയ്യപ്പെട്ടു. ആത്മീയ അർത്ഥത്തിൽ സഭ കൂടാരത്തിന്റെയും മന്ദിരത്തിന്റെയും തുടർച്ചയാണ്. ദൈവത്തിന്റെ ആലയമായി, പഴയനിയമത്തിൽ കൂടാരവും മന്ദിരവും, പുതിയനിയമത്തിൽ സഭയും നമുക്കുണ്ട്. ഇന്ന്, നാമം ആണ് ദൈവത്തിന്റെ മന്ദിരം. ഒടുവിൽ, പഴയനിയമ വിശുദ്ധന്മാരും പുതിയനിയമ വിശുദ്ധന്മാരും ചേർന്ന കെട്ടുപണി നിത്യകൂടാരമാകുന്ന, നിത്യതയിലേക്കുള്ള മനുഷ്യരുടെ ഇടയിലെ ദൈവത്തിന്റെ വാസസ്ഥലമായ പുതിയ യെരുശലേമായി അന്തിമമായി പരിണതി പ്രാപിക്കും. വെളിപ്പാട് 21-ഉം 22-ഉം ശ്രദ്ധാപൂർവ്വം വായിക്കുകയാണെങ്കിൽ, പുതിയ യെരുശലേം ഒരു ഭൗതിക നഗരമല്ലെന്ന് നിങ്ങൾ കണ്ടെത്തും. അത് ജീവനുള്ള വ്യക്തികൾ ചേർന്ന ജീവനുള്ള ഒരു നഗരമാണ്. യിസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങളുടെ പേരുകളും കുഞ്ഞാടിന്റെ പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ പേരുകളും അവിടെ ഉണ്ടായിരിക്കും എന്നതിനാൽ നമുക്ക് ഇത് അറിയാം(വെളി.21:12,14). മതിലിലേക്ക് പണിതുചേർക്കപ്പെട്ട സൂര്യകാന്തകല്ലുകളായി നാമും അവിടെ ഉണ്ടായിരിക്കും(വെളി.21:11,18). എന്നെന്നേക്കുമുള്ള ദൈവത്തിന്റെ നിവാസമായി കെട്ടുപണി ചെയ്യപ്പെട്ട ജീവനുള്ള വ്യക്തികളുടെ ജീവനുള്ള ഒരു സംഘടനം ആണ് പുതിയ യെരുശലേം. ഇപ്പോൾ സഭായുഗത്തിൽ ദൈവത്തിന് ഭൂമിയിൽ മനുഷ്യരുടെ ഇടയിൽ ഒരു നിവാസം ഇല്ല എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? അവന് തീർച്ചയായും ഉണ്ട്! ഈ നിവാസമാണ് സഭ. എവിടെയാണ് സഭ? അത് ഭൂമിയിലാണ്. ഭൂമിയിലുള്ള ജീവനുള്ള വിശ്വാസികളുടെ ഒരു ജീവനുള്ള നിർമ്മിതിയാണ് ദൈവത്തിന്റെ നിവാസം. ഇതാണ് ഇന്നത്തെ ഭൂമിയിലെ ദൈവത്തിന്റെ കെട്ടുപണി. വീണ്ടെടുക്കപ്പെടുകയും രക്തത്താൽ കഴുകപ്പെടുകയും ദിവ്യജീവനാൽ വീണ്ടുംജനിക്കുകയും ചെയ്തതിലൂടെ നമ്മെ ഈ ജീവനുള്ള കെട്ടുപണിയുടെ ജീവനുള്ള ഭാഗമാക്കിയിരിക്കുന്നു. അതാണ് യോഹന്നാൻ 14:2-ൽ താൻ പറഞ്ഞതുപോലെ കർത്താവ് നമുക്കായി ഒരുക്കുവാൻ പോയതായ സ്ഥലം.